## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 887 | 30.01.2019-ൽ മറുപടിയ്ക്ക്.

## മിൽമയ്ക്ക് അനുവദിച്ച ഗ്രാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര മേഖലയിലെ വിവിധ പദ്ധതികൾ പ്രളയദുരിതമേഖലയിൽ നടപ്പിലാക്കുവാൻ മിൽമക്ക് സർക്കാർ അനുവദിച്ച ഗ്രാന്റ് തുക എത്രയാണ്; | (എ) ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾ പ്രളയദുരിത മേഖലയിൽ നടപ്പിലാക്കുവാൻ കേരള സർക്കാർ മിൽമയ്ക്ക് ഗ്രാന്റായി തുക നൽകിയിട്ടില്ല. പ്രളയം മുഖേന നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രളയ ദുരിതം കൂടുതൽ ഉണ്ടായ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണം, ഡയറി, മിൽമ എന്നിവ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും തുകയും വിശദമാക്കാമോ? | (ബി) പ്രളയ ബാധിത മേഖലയായ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| നം | പദ്ധതി | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഗോദാനം | 4,95,000/- | 15 |
| 2 | രണ്ടു പശു യൂണിറ്റ് | 9,90,000/- | 15 |
| 3 | ധാതുലവണ മിശ്രിതം | 20,000/- | - |
| 4 | അവശ്യാധിഷ്ഠിത ധനസഹായം | 11,50,000/- | 22 |
| 5 | കാലിത്തൊഴുത്ത് നവീകരണം | 7,50,000/- | 15 |
| 6 | ശാസ്ത്രീയ കാലിത്തൊഴുത്ത് | 2,00,000/- | 2 |

| | | | |
|---|---|---|---|
| 7 | കണ്ടിജൻസി ഫണ്ട് | 75,000/- | 5 |
| 8 | കാലിത്തൊഴുത്ത് നഷ്ടപ്പെട്ടതിന് ധനസഹായം | 30,000/- | 6 |
| 9 | കാലിത്തീറ്റ | 1,68,000 | - |
| | ആകെ | **38,78,000** | |

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 28 ക്ഷീരസംഘങ്ങളാണ് മിൽമയുടെ ദുരിതബാധിത സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സംഘങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതം ഉപയോഗിച്ച് വിവിധ പദ്ധതികൾ മിൽമ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**